K-DISC

# കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നാലാം നില ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം – 695 014.
ഫോൺ : 0471 – 2334472, 2332920

നം. 211/2019/കെ-ഡിസ്ക്

തിയതി :06/01/2020

9/1/2020

MOST URGENT

സെക്രട്ടറി

സ്വീകർത്താവ്,

പൊതുവിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം.

10/1

സർ/മാഡം,

വിഷയം:- കെ-ഡിസ്ക് - കേരള ഇന്നൊവേഷൻ ദിനം 2020 - ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

10/1

സാങ്കേതിക ശാസ്ത്രരംഗത്തു ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുന്ന ആശയനിധിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (The Kerala Development and Innovation Strategic Council / K-DISC). സാങ്കേതിക ശാസ്ത്രരംഗത്തെ നൂതന മാർഗ്ഗങ്ങൾ, ഉൽപ്പാദനത്തിലും നടത്തിപ്പിലുമുള്ള നവീനാശയങ്ങൾ, സാങ്കേതിക ശാസ്ത്രത്തിന്റെ സാമൂഹ്യമായ രൂപപ്പെടുത്തൽ, സംസ്ഥാനത്ത് നൂതനാശയങ്ങൾ പരിപോഷിപ്പിക്കാൻ സാധിക്കുന്ന ആരോഗ്യകരവും ഉചിതവുമായ ഇക്കോസിസ്റ്റത്തിന്റെ സൃഷ്ടി എന്നിവ പ്രതിഫലിക്കുന്ന ദിശാബോധമുള്ളതും തന്ത്രപരവുമായ ആസൂത്രണം നിർവഹിക്കുകയാണ് കെ-ഡിസ്കിന്റെ ഉദ്ദേശലക്ഷ്യം.

AS 10/01

കേരള ഇന്നൊവേഷൻ ദിനത്തിന്റെ ഭാഗമായി കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) 23.01.2020 തിയതിയിൽ തിരുവനന്തപുരത്ത് ജഗതി ഡി.പി.ഐ. ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ

സർക്കാർ, എയ്ഡഡ്, നോൺ എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ടെക്നോളജി, ഇന്നൊവേഷൻ, കെ-ഡിസ്കിന്റെ നൂതന പദ്ധതികൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. മത്സരത്തിനായുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരമാണ് സ്വീകരിക്കുന്നത്. ആദ്യം രജിസ്ട്രേഷൻ നടത്തുന്ന 150 ടീമുകൾ മാത്രമേ മത്സരത്തിനുള്ള യോഗ്യത നേടുകയുള്ളൂ. കെ-ഡിസ്കിന്റെ വെബ്സൈറ്റായ kdisc.kerala.gov.in ൽ ക്വിസ് മത്സരത്തിന് രജിസ്റ്റർ ചെയ്യുവാനുള്ള ലിങ്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്. താഴെപ്പറയുന്നതാണ് സമ്മാന ഘടന: (i) ഒന്നാം സമ്മാനം 20,000/- രൂപ, (ii) രണ്ടാം സമ്മാനം 15,000/- രൂപ, (iii) മൂന്നാം സമ്മാനം 10,000/- രൂപ (iv) നാലും അഞ്ചും ആറും സ്ഥാനം നേടുന്നവർക്ക് 2,000/- രൂപ വീതവും കൂടാതെ വിജയികൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും ഇതോടൊപ്പം നൽകുന്നതാണ്. ക്വിസ് മത്സരത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, നോട്ടീസ് എന്നിവ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

കെ-ഡിസ്ക് സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തെ സംബന്ധിച്ച് എല്ലാ വിദ്യാലയങ്ങളിലും അറിയിപ്പ് നൽകുവാനും, വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും അപേക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9495415256

വിശ്വസ്തതയോടെ,

**അനിൽ കുമാർ. വി**
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

K-DISC
Kerala Development and Innovation Strategic Council

## ക്വിസ് മത്സരത്തിന്റെ നിബന്ധനകൾ

1. ക്വിസ് മത്സരം "ഇന്നോ ക്വിസ് 2020" എന്ന് നാമകരണം ചെയ്തിരിക്കുന്നു
2. കെ-ഡിസ്ക് സംഘടിപ്പിക്കുന്ന **കേരള ഇന്നവേഷൻ ദിനാഘോഷം 2020** ന്റെ ഭാഗമായി 23.01.2020 ന് സഹകരണ ഭവൻ, മെയിൻ കോൺഫറൻസ് ഹാളിൽ (ഡി.പി.ഐ. ജംഗ്ഷൻ, തിരുവനന്തപുരം) വച്ച് ക്വിസ് മത്സരം നടത്തുന്നു.
3. ക്വിസ് മത്സരം പ്രധാനമായും സാങ്കേതികവിദ്യ (Technology), കെ-ഡിസ്കിന്റെ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ഇന്നൊവേഷൻസ് എന്നിവയെ അടിസ്ഥാനമാക്കിയാണ്.
4. ക്വിസ് മത്സരത്തിന് രണ്ട് ഘട്ടങ്ങളാണുള്ളത്.
5. ഒരു സ്കൂളിൽ നിന്നും രണ്ട് ടീമുകൾക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.
6. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത ടീമുകളെ മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
7. ഒരു ടീമിൽ ഒരേ സ്കൂളിൽ നിന്നുള്ള രണ്ട് അംഗങ്ങളാണ് വേണ്ടത്.
8. ക്വിസ് മത്സരം ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.
9. രജിസ്ട്രേഷൻ പൂർത്തിയാകുന്നത് എസ്.എം.എസ്. മുഖേന ടീമുകളെ അറിയിക്കുന്നതാണ്.
10. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന മത്സരാർത്ഥികൾ അറ്റസ്റ്റേഷൻ ഫോം kdisc.kerala.gov.in എന്ന സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് കൃത്യമായി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ മുഖേന സാക്ഷ്യപ്പെടുത്തി മത്സര സമയത്ത് ഹാജരാക്കേണ്ടതാണ്.
11. ക്വിസ് മത്സരവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും കെ-ഡിസ്ക്/ക്വിസ് മാസ്റ്ററുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.
12. ക്വിസ് മത്സരവുമായി ബന്ധപ്പെട്ട നിബന്ധനകൾ മാറ്റം വരുത്തുന്നതിനും പരിഷ്ക്കരിക്കുന്നതിനും ഉള്ള അധികാരം കെ-ഡിസ്കിനാണ്
13. രജിസ്റ്റർ ചെയ്ത ടീമുകൾ മത്സര സ്ഥലത്ത് 23.01.2020 രാവിലെ 9 മണിക്ക് ഹാജരാകേണ്ടതാണ്.
14. മത്സരാർത്ഥികൾക്ക് ഈ പരിപാടിയിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് കെ-ഡിസ്ക് TA/DA അനുവദിക്കുന്നതല്ല
15. മത്സരാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

***കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9495415256***

സെക്രട്ടറി